**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3481** **02-03-2023 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കൃഷി ഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | ഇരിമ്പിളിയം കൃഷിഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തിയായിരുന്നു സമർപ്പിച്ചിരുന്നത്. 2018- ലും 2019 -ലുമായി സംഭവിച്ച പ്രളയത്തിന്റേയും മണ്ണൊലിപ്പിന്റേയും ഫലമായി നാശം സംഭവിച്ച ഡിപ്പാർട്ട്മെന്റ് ഫാമുകളുടെയും ഓഫീസ് കെട്ടിടങ്ങളുടെയും കേടുപാടുകൾ തീർക്കുക എന്നതാണ് പുനർജ്ജനി പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. ആയതിനാൽ ഇരിമ്പിളിയം കൃഷിഭവൻ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചില്ല. എന്നാൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന "ആർ.ഐ.ഡി .എഫ് ട്രാഞ്ചെ 28 പദ്ധതി പ്രകാരമുള്ള 14 കൃഷിഭവനുകളുടെ പട്ടികയിൽ ഇരിമ്പിളിയം കൃഷിഭവനും ഉൾപ്പെടുത്തി നബാഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 28 പദ്ധതി പ്രകാരമുള്ള സ്മാർട്ട് കൃഷി ഭവനുകളുടെ പട്ടികയിൽ ഇരിമ്പിളിയം കൃഷി ഭവനെ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനായി ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ഇരിമ്പിളിയം കൃഷിഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തിയായിരുന്നു സമർപ്പിച്ചിരുന്നത്. 2018- ലും 2019 -ലുമായി സംഭവിച്ച പ്രളയത്തിന്റേയും മണ്ണൊലിപ്പിന്റേയും ഫലമായി നാശം സംഭവിച്ച ഡിപ്പാർട്ട്മെന്റ് ഫാമുകളുടെയും ഓഫീസ് കെട്ടിടങ്ങളുടെയും കേടുപാടുകൾ തീർക്കുക എന്നതാണ് പുനർജ്ജനി പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. ആയതിനാൽ ഇരിമ്പിളിയം കൃഷിഭവൻ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചില്ല. എന്നാൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന "ആർ.ഐ.ഡി .എഫ് ട്രാഞ്ചെ 28 പദ്ധതി പ്രകാരമുള്ള 14 |

| | | | |
|---|---|---|---|
| | | | കൃഷിഭവനുകളുടെ പട്ടികയിൽ ഇരിമ്പിളിയം കൃഷിഭവനും ഉൾപ്പെടുത്തി നബാഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | മണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളെയും ഘട്ടംഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ